LIBRARY ARCHIVES Kerala Legislative Assembly

തലവടി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ പുരാവസ്തു വകുപ്പ് മുഖാന്തരം നടത്തുന്ന പുനരുദ്ധാരണ പ്രവർത്തനങ്ങൾ

58 (3342) ശ്രീ. തോമസ് ചാണ്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്രിട്ടീഷുകാർ നിർമ്മിച്ച തലവടി വൊക്കേഷണൽ ഹയർ സെക്കഡറി സ്കൂളിൽ പുരാവസ്തു വകുപ്പു മുഖാന്തരം പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) സന്ദർശിക്കുന്ന പ്രസ്തുത സ്കൂളിന്റെ പൗരാണികത കണക്കിലെടുത്ത് അടിയന്തരമായി അറ്റകുറ്റപണികൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തലവടി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് പുരാവസ്തു വകുപ്പദ്ധ്യക്ഷൻ പ്രസ്തുത സ്ഥലം സന്ദർശിക്കുകയും പ്രാഥമികമായ പരിശോധന നടത്തുകയും തുടർന്ന് വിദഗ്ധവും വിശദവുമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പുരാവസ്തു വകുപ്പിലെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) 1968-ലെ പുരാവസ്തു ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയുകയുള്ളൂ.

കലാകാര പെൻഷനുള്ള വരുമാന പരിധി

59 (3343) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കലാകാരപെൻഷന് അപേക്ഷിക്കുന്നതിനുള്ള വാർഷികവരുമാനം എത്രയാണെന്ന് നിജപ്പെടുത്തിയിരിക്കുന്നത് എന്ന് വിശദമാക്കാമോ ;

(ബി) ഇത് ഇപ്പോഴും വർഷത്തിൽ 9000 തന്നെയാണോ ;

(സി) എങ്കിൽ ഇതനുസരിച്ചുള്ള വരുമാന സർട്ടിഫിക്കറ്റ് കിട്ടാത്തതിനാൽ കലാകാര പെൻഷന് അപേക്ഷ നൽകാൻ കഴിയാതെ നിരവധി കലാകാരൻമാർ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;